നീലേശ്വരം പുഴ, കാര്യങ്കോട് പുഴ എന്നിവയ്ക്ക് കുറുകെയുള്ള പാലം

160(2801) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ നീലേശ്വരം പുഴ, കാര്യങ്കോട് പുഴ എന്നിവയ്ക്ക് കുറുകെയുള്ള പാലങ്ങളുടെ കാലാവധി തീർന്നതാണോ; എങ്കിൽ എന്നാണ് തീർന്നതെന്ന് പറയാമോ;

(ബി) പാലങ്ങളുടെ അപകടാവസ്ഥ കണക്കിലെടുത്ത് പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പാലങ്ങളുടെ കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ പ്രസ്തുത പാലങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സാങ്കേതിക അനുമതി ലഭിച്ച റോഡുകൾ

161(2802) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച മേജർ ജില്ലാ റോഡുകളായ പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച്റോഡ്, വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം, മേത്തുരുമ്പ-ചപ്പാരപ്പടവ്-കുറ്റൂർ, പാടിയോട്ടുചാൽ-തട്ടുമ്മൽ, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം എന്നിവയ്ക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മേൽ റോഡുകളുടെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകിയ ചുവടെ ചേർത്തിരിക്കുന്ന മേജർ ജില്ലാ റോഡുകൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

പ്രവൃത്തി	തുക (ലക്ഷം)
പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ്	300
വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം റോഡ്	1750
മേത്തുരുമ്പ - ചപ്പാരപ്പടവ് - കുറ്റൂർ റോഡ്	450
പാടിയോട്ടുചാൽ തട്ടുമ്മൽ റോഡ്	250
ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡ്	320

LIBRARY ARCHIVES Kerala Legislative Assembly